ഉത്തരം

(എ) 14 കേസ്സുകൾ.

(ബി) ഇപ്രകാരം കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) "വിശാഖാ വേഴ്സസ് സ്റ്റേറ്റ്" കേസ്സിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ പ്രയോജനം സ്വകാര്യ മേഖലയിലെ ജീവനക്കാർക്ക് കൂടി ലഭ്യമാക്കുന്നതിനായി 1958-ലെ കേരള ഇൻഡസ്ട്രീസിൽ എംപ്ലോയ്മെന്റ് (സ്റ്റാൻഡിംഗ് ഓർഡർ റൂൾസിൽ) ആവശ്യമായ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ഗജമേള ദുരന്തം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

56 (712) ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാന്ധിജി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ നടത്തിയ ഗജമേളയിൽ ആന ഇടഞ്ഞ പ്രശ്നമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒരാൾ മരിക്കുകയും നിരവധി പേർക്ക് പരിക്ക് പറ്റുകയും ചെയ്ത സംഭവത്തെപ്പറ്റി ഗവൺമെന്റ് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെ വകുപ്പുകളാണ് അന്വേഷണം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണത്തിന്റെ കണ്ടെത്തലുകൾ വിശദീകരിക്കുമോ;

(ഡി) റവന്യൂ സെക്രട്ടറി വി.എസ്. സെന്തിലിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ടോ; കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) സെന്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇനി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊടുപുഴയിൽ ഗജമേളയോടനുബന്ധിച്ചുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുവാൻ റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ. വി.എസ്. സെന്തിലിനെ അന്വേഷണ ഉദ്യോഗസ്ഥനായി സർക്കാർ നിയമിച്ചിരുന്നു. കൂടാതെ പോലീസ് വകുപ്പിൽ ദക്ഷിണ മേഖലാ ഐ.ജി. ശ്രീ. രാജൻ മഥേക്കറും അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) റവന്യൂ സെക്രട്ടറി ശ്രീ. വി.എസ്. സെന്തിലിനെ ഗജമേളയിലുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ചിരുന്നു. കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരം

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

എൻക്വയറി കമ്മീഷൻ ആയിട്ടില്ല പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ചത്. അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് 21.2.2000-ന് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരമുള്ള എൻക്വയറി കമ്മീഷൻ റിപ്പോർട്ട് അല്ലാത്തതിനാൽ നിയമസഭയുടെ മുൻപാകെ വച്ചിട്ടില്ല.

(ഇ) ശ്രീ. വി.എസ്. സെന്തിലിന്റെ അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഭവത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിനായി കൂടുതൽ അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം മുൻഭരണ സമിതിക്കെതിരെ വിജിലൻസ് അന്വേഷണം

57 (713)ശ്രീ. വി. ബാലറാം താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം മുൻഭരണ സമിതി അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായോ;

(ബി) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്;

(ഡി) വിജിലൻസ് അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടത്തുകയുണ്ടായി.

(ബി) ഒരു അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) വിജിലൻസ് അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

ട്രാഫിക് വാർഡൻമാരുടെ സേവനം

58 (714)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ നഗരങ്ങളിലാണ് ട്രാഫിക് വാർഡന്മാർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രാഫിക് വാർഡന്മാരുടെ സേവനംമൂലം അനേകം ട്രാഫിക് അപകടങ്ങൾ ഒഴിവാക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ട്രാഫിക് വാർഡന്മാർക്ക് ഏതൊക്കെ ഇനത്തിൽ എന്തുതുക പ്രതിമാസം ലഭിക്കുന്നുണ്ട്. ഇവർക്ക് വേതനത്തോടുകൂടിയ എത്ര അവധിയുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ട്രാഫിക് വാർഡന്മാർക്ക് മെറ്റേണിറ്റി ബനിഫിറ്റിന് അർഹതയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly